**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2112** **20-01-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ആരോഗ്യ ഇൻഷുറൻസ് പദ്ധതി പരിഷ്കരിച്ചുകൊണ്ട് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ആദ്യവർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത് ഇൻഷുറൻസ് മാതൃകയിലാണ്. ഈ കാലയളവിൽ റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് ന് ആയിരുന്നു നടത്തിപ്പ് ചുമതല. മേൽ സൂചിപ്പിച്ച സ്ഥാപനം നിയമാനുസൃതമായ ടെൻഡർ നടപടികളിലൂടെയാണ് തിരഞ്ഞെടുത്തത്. 2020 ജൂലൈ 1 മുതൽ പദ്ധതി അഷ്വറൻസ് മാതൃകയിലേക്ക് മാറുകയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് രൂപം നൽകുകയും ചെയ്തു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 33 തസ്തികകൾ സർക്കാർ രൂപം നൽകി . സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ഓഫീസും ജില്ലാ തലത്തിൽ ജില്ലാ ഓഫീസും പ്രവർത്തിച്ചു വരുന്നു. ആരോഗ്യ ഇൻഷുറൻസ് പദ്ധതി പരിഷ്കരിച്ചുകൊണ്ട് സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. 4149149 കുടുംബങ്ങൾക്ക് മേൽ സൂചിപ്പിച്ച പദ്ധതിയിൽ അംഗത്വം നൽകിയിട്ടുണ്ട്. 186 സർക്കാർ ആശുപത്രികളിലും, 5 കേന്ദ്ര സർക്കാർ ആശുപത്രികളിലും, 370 സ്വകാര്യ ആശുപത്രികളിലും കേരളത്തിലുടനീളം പദ്ധതിയുടെ സേവനം ലഭ്യമാണ്. 5 ലക്ഷം രൂപയാണ് ഒരു വർഷം ഒരു കുടുംബത്തിലെ മുഴുവൻ അംഗങ്ങൾക്കും ചികിത്സ ഇനത്തിൽ നൽകുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പരിധിയിൽ വരുന്ന 19,51,163 കുടുംബങ്ങളുടെ 100% ചികിത്സ ചെലവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. കാരുണ്യ ആരോഗ്യ |

| | | | |
|---|---|---|---|
| | | | സുരക്ഷാ പദ്ധതിയുടെ ചികിത്സ ഇനത്തിൽ 138,10,61,182/- രൂപ കേന്ദ്ര സർക്കാർ ചിലവഴിച്ചപ്പോൾ 223,07,27,236/- രൂപ സംസ്ഥാന സർക്കാരും വഹിക്കുകയുണ്ടായി. |
| (ബി) | നിലവിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വമില്ലാത്തവർക്ക് അംഗത്വം നൽകാൻ കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; പുതിയതായി അംഗത്വമെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | നിലവിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം ലഭിക്കാൻ അർഹതപ്പെട്ട കുടുംബങ്ങൾക്ക് കാലപരിധി നിശ്ചയിച്ചിട്ടില്ല. പുതുതായി അംഗത്വം എടുക്കാൻ ഉള്ള നടപടിക്രമങ്ങൾ താഴെ പറയും പ്രകാരമാണ്. 2018-2019 വർഷത്തിൽ പുതുക്കിയിട്ടുള്ള RSBY കാർഡ്, റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയുമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) കിയോസ്കുകളിൽ സൗജന്യമായി അംഗത്വം എടുക്കുന്നതിനുള്ള സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | അംഗത്വമെടുക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; | (സി) | നിശ്ചയിച്ചിട്ടില്ല. നിലവിൽ അംഗത്വം എടുക്കുന്നതിനുള്ള മാനദണ്ഡം താഴെ പറയും പ്രകാരമാണ്. 2018-2019 ൽ പുതുക്കിയിട്ടുള്ള RSBY കാർഡ് കൈവശമുള്ളവർ, 2011 ലെ കാസ്റ്റ് സെൻസസ് പ്രകാരം Deprived വിഭാഗം ഡി 1, ഡി 2, ഡി 3, ഡി 4, ഡി 5; അതായത് വീടില്ലാത്ത കുടുംബങ്ങൾ, നിരാലംബരായ കുടുംബങ്ങൾ, ശുചീകരണ പ്രവർത്തകർ, പാരമ്പര്യ ഗോത്ര വർഗ്ഗക്കാർ, ലീഗലി റിലീസ്ഡ് ബോണ്ട് ലേബർ എന്നിവരാണ്. |
| (ഡി) | കോഴിക്കോട് ജില്ലയിൽ ഏതെല്ലാം രോഗങ്ങൾക്ക് ഏതൊക്കെ ആശുപത്രികളിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ 72 ആശുപത്രികളാണ് നിലവിൽ എംപാനൽ ചെയ്തിട്ടുള്ളത്. ഇതിൽ 16 സർക്കാർ ആശുപത്രികളും, 56 സ്വകാര്യ ആശുപത്രികളും ഉൾപ്പെടുന്നു. മറ്റു ജില്ലകളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ആശുപത്രികൾ എംപാനൽ ചെയതിട്ടുള്ളത് കോഴിക്കോട് ജില്ലയിലാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ചികിത്സ ലഭ്യമാക്കുന്നത് 25 സ്പെഷ്യാലിറ്റികൾക്ക് കീഴിലായി 1667 പാക്കേജുകളിൽ ആയിട്ടാണ്. കൂടാതെ സംസ്ഥന സർക്കാർ വിഭാവനം ചെയ്ത 89 പാക്കേജുകളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ